## പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.217** **10/12/2014-ൽ മറുപടിക്ക്**

## സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം

**ചോദ്യം**

ശ്രീമതി.കെ. കെ. ലതിക
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. കെ. നാരായണൻ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികൾ നേരിടുന്ന കടുത്ത മരുന്നുക്ഷാമം പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; | (എ) | സർക്കാർ ആശുപത്രികൾ നേരിടുന്ന മരുന്നു ക്ഷാമം പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഏതെങ്കിലും അവശ്യമരുന്നിന് ക്ഷാമം നേരിട്ടാൽ ആ മരുന്നുകൾ കോർപ്പറേഷൻ വെയർഹൗസുകളിൽ ലഭ്യമല്ലാത്തപക്ഷം ആശുപത്രി തലത്തിൽ തന്നെ വാങ്ങി മരുന്നില്ലാത്ത സാഹചര്യം പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ 29.11.2014 ൽ GO (Rt) No.3859/2014/ H&FWD എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏതെങ്കിലും മരുന്നുകൾ ഇല്ലാത്ത പക്ഷം ആശുപത്രി മേധാവിക്ക് ആയവ വാങ്ങുവാനുള്ള അധികാരം നൽകിയിട്ടുണ്ട്. മാനസികാരോഗ്യ കേന്ദ്രങ്ങളിലേക്ക് വേണ്ട അത്യാവശ്യ മരുന്നുകൾ ആരോഗ്യ വകുപ്പ് ആസ്ഥാനത്തിൽ നിന്നു തന്നെ വാങ്ങി നൽകിയിട്ടുണ്ട്. |
| (ബി) | മരുന്നുക്ഷാമത്തിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടെങ്കിൽ അറിയിക്കാമോ; | (ബി) | 2014-15 സാമ്പത്തിക വർഷത്തെ ഇൻഡന്റ് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും 10.01.2014 നും ആരോഗ്യ വകുപ്പിൽ നിന്നും 18.01.2014 നും KMSCL-ന് ലഭിക്കുകയുണ്ടായി. പ്രസ്തുത ഇൻഡന്റുകൾ ക്രോഡീകരിച്ച് ഡയറക്ടർ ബോർഡിന്റെ അനുമതിയോടെ 28.01.2014 ന് കോർപ്പറേഷൻ ടെൻഡർ നടപടികൾ ആരംഭിച്ചു. നടപ്പു സാമ്പത്തിക വർഷം മുതൽ സർക്കാർ നിർദ്ദേശാനുസരണം ഇ-ടെൻഡർ മുഖേനയാണ് ടെൻഡർ ക്ഷണിച്ചത്. എന്നാൽ ഓൺലൈനായി ബിഡ് സമർപ്പിക്കുന്നതിലുള്ള പരിചയക്കുറവു മൂലം പല വിതരണക്കാർക്കും ടെൻഡറിൽ പങ്കെടുക്കുവാൻ സാധിച്ചില്ല. തൽഫലമായി വളരെ കുറച്ചു മരുന്നുകൾക്കു മാത്രമേ വിതരണക്കാരെ ലഭിച്ചുള്ളൂ. മറ്റുള്ളവയിൽ ഒന്നിൽ കൂടുതൽ ബിഡർമാരുള്ളതും കാരുണ്യാ ഫാർമസിയിലെ വിലയെക്കാൾ കുറഞ്ഞ വിലയുള്ളതുമായ ഇനങ്ങൾക്ക് ടെൻഡർ ചെയ്ത ക്വാണ്ടിറ്റി |

| | | | |
|---|---|---|---|
| | | | യുടെ 50% ഓർഡറുകൾ നൽകുകയും ശേഷിക്കുന്നവയും, വിതരണക്കാരെ ലഭിക്കാത്തതുമായ മരുന്നുകളും ഉൾപ്പെടെ 306 ഇനം മരുന്നുകൾ റീ-ടെൻഡർ ചെയ്യുന്നതിനായി ഡയറക്ടർ ബോർഡ് നിർദ്ദേശിച്ചു. ഇതിൽ ചില മരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞു, മറ്റുള്ളവ കോർപ്പറേഷൻ വെയർഹൗസുകളിൽ എത്തിക്കൊണ്ടിരിക്കുന്നു.<br><br>ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രസ്തുത തുക വിതരണക്കാർക്ക് നൽകുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ മുൻ വർഷങ്ങളിലെ മരുന്നു വിതരണം ചെയ്ത ചില കമ്പനികൾക്ക് തുക മുഴുവനായും കൊടുക്കുവാൻ സാധിച്ചിട്ടില്ല തൽഫലമായി വിതരണക്കാരും യഥാസമയം മരുന്നു വിതരണം പൂർത്തീകരിച്ചിട്ടില്ല. അവശ്യമരുന്നുകൾ വിതരണം ചെയ്യുന്ന കെ.എസ്.ഡി.പി.യും മറ്റു ചില കമ്പനികളും മരുന്നു വിതരണത്തിൽ വീഴ്ച വരുത്തിയതും ചില അവശ്യമരുന്നുകളുടെ വിതരണത്തിൽ നേരിയ ക്ഷാമം നേരിടുവാൻ കാരണമായി.<br><br>2014-15 സാമ്പത്തിക വർഷം 242 കോടി രൂപയുടെ മരുന്നുകൾ സംഭരിക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയപ്പോൾ 434.7 കോടി രൂപയുടെ ഇൻഡന്റാണ് ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി മരുന്നു സംഭരണത്തിനായി കോർപ്പറേഷന് നൽകിയത്. ഇതിൽ നാളിതുവരെ 212 കോടി രൂപയുടെ മരുന്നുകൾ ആരോഗ്യ വകുപ്പിനും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനുമായി നൽകിയിട്ടുണ്ട്. |
| (സി) | അവശ്യമരുന്നുകൾ ലഭ്യമല്ലാത്തതിനാൽ രോഗിക്ക് ആവശ്യമായ മരുന്ന് കുറിക്കുന്നതിന് പകരം ലഭ്യമായ മരുന്നുകൾ മാത്രം കുറിയ്ക്കണമെന്ന നിർദ്ദേശം നൽകിയത് പാവപ്പെട്ട രോഗികളെ ദുരിതത്തിലാക്കിയിരിക്കുന്നതായ പരാതി പരിഗണിച്ച് പ്രസ്തുത നിർദ്ദേശം പിൻവലിക്കാൻ തയ്യാറാകുമോ; | (സി) | പ്രസ്തുത നിർദ്ദേശം ആരോഗ്യ വകുപ്പ് നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഈ വർഷം മരുന്നു വാങ്ങാനായി ഇതുവരെ അനുവദിച്ച തുകയും കോർപ്പറേഷൻ ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കാമോ? | (ഡി) | നടപ്പു സാമ്പത്തിക വർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 60 കോടി രൂപ മരുന്ന് സംഭരണത്തിനായി അനുവദിച്ചിട്ടുണ്ട്. 28.11.2014 വരെ കോർപ്പറേഷൻ 212,03,70,444 രൂപയുടെ മരുന്നുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡറുകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ